LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ കനാൽ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ എത്ര പേരുടെ പ്രൊമോഷനും ആനുകൂല്യങ്ങളുമാണ് തടഞ്ഞുവച്ചിരിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കനാൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് വകുപ്പുതല നടപടികൾക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (VACB) ശിപാർശ ചെയ്ത 6 പേരുടെ പേരിലാണ് അന്വേഷണം നടക്കുന്നത്. രണ്ടുപേർ റിട്ടയർ ചെയ്തു. നാല് ഉദ്യോഗസ്ഥരെ മറ്റ് ഓഫീസുകളിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുണ്ട്. അച്ചടക്കനടപടികൾ തീർപ്പുകൽപ്പിക്കുന്ന മുറയ്ക്കുമാത്രമേ പ്രൊമോഷനും മറ്റാനുകൂല്യങ്ങളും നൽകുവാൻ സാധിക്കുകയുള്ളൂ.

അങ്കമാലി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

184 (3890) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിൽ 2020-2021, 2021-2022 സാമ്പത്തിക വർഷം പ്ലാൻ/നോൺപ്ലാൻ വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അവയിൽ പണി പൂർത്തീകരിച്ചവ ഏതെല്ലാമെന്നും പണി ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

&

(ബി) 2021-2022 സാമ്പത്തിക വർഷം പ്ലാൻ/നോൺപ്ലാൻ ഇനത്തിൽ ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*.

മൈനർ ഇറിഗേഷൻ വകുപ്പിന്റെ പദ്ധതികൾ

185 (3891) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ നെൽകൃഷി നടത്തിയിരുന്ന ആവളപാണ്ടി, കരുവോട്, കണ്ടുചിറ, വെളിയന്നൂർ, ചെല്ലി എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിന്റെ പേരിൽ തുടർകൃഷിക്ക് പ്രയാസം നേരിടുന്ന സാഹചര്യം പരിഗണിച്ച് കൃഷി ചെയ്യാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇല്ലെങ്കിൽ നബാർഡ് പോലുള്ള സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പേരാമ്പ്ര അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആവളപാണ്ടി, കരുവോട്ചിറ, കണ്ടുചിറ, വെളിയന്നൂർ, ചെല്ലി എന്നിവിടങ്ങളിൽ നെൽകൃഷി വികസനത്തിനായി നടത്തിയ പദ്ധതികളിൽ പൂർത്തീകരിച്ചതും നടപടി സ്വീകരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കുറ്റ്യാടി ഇറിഗേഷൻ കനാൽ റോഡുകളുടെ പുനരുദ്ധാരണം

186 (3892) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന തദ്ദേശറോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തിയ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷന്റെ കനാൽ റോഡുകളിൽ പ്രവൃത്തി ചെയ്യുന്നതിനായി കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതിക്കായി അപേക്ഷ നൽകിയിരുന്നോ?

നൽകിയിരുന്നു.

(ബി) ഉണ്ടെങ്കിൽ അതിന് പ്രത്യേകമായി ചെലാൻ അടച്ചിരുന്നോയെന്നും ഏതൊക്കെ റോഡുകളുടെ പ്രവൃത്തികൾക്കുള്ള അനുമതിക്കായാണ് അപേക്ഷിച്ചതെന്നും വിശദമാക്കാമോ;

&

(സി) ഇതിനായി എന്നാണ് അപേക്ഷ ലഭിച്ചതെന്നും ഇതുവരെ ഏതൊക്കെ റോഡുകളുടെ പ്രവൃത്തിക്കാണ് അനുമതി നൽകിയതെന്നും വിശദമാക്കുമോ?

(ബി&സി) വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് എത്ര തവണ ഇക്കാര്യം അന്വേഷിച്ചുകൊണ്ട് കത്ത് ലഭിച്ചിരുന്നുവെന്നും ഇനി എത്ര റോഡുകളുടെ പ്രവൃത്തിക്ക് അനുമതി നൽകാനുണ്ടെന്നും കാലതാമസത്തിന് കാരണമെന്താണെന്നും വിശദമാക്കാമോ; കാലതാമസത്തിന് ഉത്തരവാദികളായവരെക്കുറിച്ച് അന്വേഷണം നടത്തുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly